REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 29-01-2026 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **അടുത്ത സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റ് മന്ത്രി KN ബാലഗോപാൽ ഇന്ന് നിയമസഭയിൽ അവതരിപ്പിക്കും.**
- **പാർലമെന്റിന്റെ ബജറ്റ് സമ്മേളനത്തോട് അനുബന്ധിച്ച്, സാമ്പത്തിക സർവേ റിപ്പോർട്ട് ഇന്ന് സമർപ്പിക്കും. കേന്ദ്ര ബജറ്റ് ഞായറാഴ്ച.**
- **തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ അതിവേഗ റെയിൽപാതയ്ക്ക് സംസ്ഥാന മന്ത്രിസഭാ യോഗം തത്വത്തിൽ അംഗീകാരം നൽകി.**
- **ലോക കേരളസഭ അഞ്ചാം സമ്മേളനം ഇന്ന് തിരുവനന്തപുരത്ത് ആരംഭിക്കും.**
- **സന്തോഷ് ട്രോഫി ഫുട്ബോൾ ടൂർണമെന്റിൽ കേരളം ഇന്ന് മേഘാലയയെ നേരിടും.**

## വാർത്തകൾ വിശദമായി

അടുത്ത സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റ് മന്ത്രി KN ബാലഗോപാൽ ഇന്ന് നിയമസഭയിൽ അവതരിപ്പിക്കും. രണ്ടാം പിണറായി ഗവൺമെന്റിന്റെ അവസാനത്തെ ബജറ്റാണിത്.

കൂടുതൽ വിവരങ്ങളുമായി തിരുവനന്തപുരത്തു നിന്ന് ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി...

(വോയ്സ് ............)

2026- 27 സാമ്പത്തിക വർഷത്തേക്കുള്ള സമ്പൂർണ ബജറ്റായിരിക്കും ധനമന്ത്രി കെ എൻ ബാലഗോപാൽ ഇന്ന് നിയമസഭയിൽ അവതരിപ്പിക്കുക. നടപ്പു സാമ്പത്തിക വർഷത്തേക്കുള്ള ഉപധനാഭ്യർത്ഥനകളുടെ അന്തിമ സ്റ്റേറ്റ്മെന്റും ധനമന്ത്രി ഇന്നു മേശപ്പുറത്തു വെക്കും.

നിയമസഭാ തെരഞ്ഞെടുപ്പിനു മുൻപുള്ള അവസാന ബജറ്റ് എന്ന സവിശേഷതയും ഇന്നത്തെ ബജറ്റിനുണ്ട്. ഇന്നത്തെ ബജറ്റ് അവതരണത്തിനു ശേഷം പിരിയുന്ന സഭ ഫെബ്രുവരി രണ്ടിനാവും വീണ്ടും ചേരുക. ഫെബ്രുവരി രണ്ടു മുതൽ നാലു വരെ ബജറ്റ് ചർച്ച നടത്തും.

✪✪✪

പാർലമെന്റിന്റെ ബജറ്റ് സമ്മേളനത്തോട് അനുബന്ധിച്ച്, സാമ്പത്തിക സർവേ റിപ്പോർട്ട് ഇന്ന് സമർപ്പിക്കും. ഫെബ്രുവരി ഒന്ന് - ഞായറാഴ്ചയാണ് കേന്ദ്ര ബജറ്റ്. ഇന്ന് മുതൽ അടുത്ത മാസം 13 വരെയും, മാർച്ച് 9 മുതൽ ഏപ്രിൽ 2 വരെയും രണ്ട് ഘട്ടങ്ങളിലായി 30 ദിവസമാണ് സഭ ചേരുക.

✪✪✪

വിമാനപകടത്തിൽ മരണമടഞ്ഞ മഹാരാഷ്ട്ര ഉപമുഖ്യമന്ത്രി അജിത് പവാറിന്റെ സംസ്കാരം രാവിലെ 11ന് ബരാമതിയിൽ പൂർണ ഔദ്യോഗിക ബഹുമതികളോടെ നടത്തും. സംസ്കാര ചടങ്ങിൽ പങ്കെടുക്കാൻ ആഭ്യന്തരമന്ത്രി അമിത് ഷാ രാവിലെ ബരാമതിയിലെത്തും. ബരാമതി നഗരത്തിൽ പൊലീസ് കർശനമായ സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

✪✪✪

വിമാനപകടത്തിൽ മരിച്ച ഉപമുഖ്യമന്ത്രി അജിത് പവാറിനോട് ആദര സൂചകമായി, മഹാരാഷ്ട്രയിൽ, മുഖ്യമന്ത്രി ദേവേന്ദ്ര ഫഡ്നാവിസ് മൂന്ന് ദിവസത്തെ ഔദ്യോഗിക ദുഃഖാചരണം പ്രഖ്യാപിച്ചു. ഈ ദിവസങ്ങളിൽ ദേശീയപതാക പകുതി താഴ്ത്തികെട്ടും. ഇന്നലെ സംസ്ഥാനത്ത് അടിയന്തിര പൊതുഅവധി പ്രഖ്യാപിച്ചിരുന്നു.

✪✪✪

77-ാമത് റിപ്പബ്ലിക് ദിനാഘോഷങ്ങളുടെ സമാപനം കുറിക്കുന്ന ബീറ്റിംഗ് റിട്രീറ്റ് ചടങ്ങ് ഇന്ന് ന്യൂഡൽഹിയിലെ വിജയ് ചൗക്കിൽ നടത്തും.

രാഷ്ട്രപതി ദ്രൗപതി മുർമു, ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്ര മോദി, കേന്ദ്ര മന്ത്രിമാർ തുടങ്ങിയവർ പങ്കെടുക്കും. ചടങ്ങിൽ

സംയുക്ത സേനകളുടെയും കേന്ദ്ര സായുധ പോലീസ് സേനകളുടെയും ബാൻഡുകൾ പങ്കെടുക്കും.

ഇത്തവണ വിജയ് ചൗക്കിലെ ഇരിപ്പിടങ്ങൾക്ക് രാജ്യത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃകത്തിന്റെ പ്രതീകമായി ഇന്ത്യൻ സംഗീതോപകരണങ്ങളുടെ പേരാണ് നൽകിയിരിക്കുന്നത്.

✪✪✪

റിപ്പബ്ലിക് ദിന പരേഡിലെ മികച്ച മാർച്ചിംഗ് സംഘങ്ങളുടെയും ടാബ്ലോകളുടെയും ഫലങ്ങൾ പ്രഖ്യാപിച്ചു. സംസ്ഥാനങ്ങളുടെയും കേന്ദ്രഭരണ പ്രദേശങ്ങളുടെയും വിഭാഗത്തിൽ, കേരളം മൂന്നാം സ്ഥാനം നേടി. വാട്ടർ മെട്രോയും 100 ശതമാനം ഡിജിറ്റൽ സാക്ഷരതയും ആത്മനിർഭര ഭാരതത്തിനായി ആത്മനിർഭര കേരളം എന്ന ഫ്ലോട്ടാണ് സംസ്ഥാനം അവതരിപ്പിച്ചത്.

ഡെസ്ക് റിപ്പോർട്ട്

........വോയ്സ്.........

മഹാരാഷ്ട്രയുടെ ഗണേശോത്സവ്- ആത്മനിർഭർ പ്രതീകത്തിനാണ് ഒന്നാം സ്ഥാനം. ജമ്മു കശ്മീരിലെ കരകൗശല വസ്തുക്കൾക്കും നാടോടി നൃത്തങ്ങൾക്കും രണ്ടാം സ്ഥാനം ലഭിച്ചു.

മൂന്ന് സേനകളിൽ നാവികസേനയെ മികച്ച മാർച്ചിംഗ് സംഘമായി തിരഞ്ഞെടുത്തു. കേന്ദ്ര സായുധ പൊലീസ് സേനകളുടെയും മറ്റ് സഹായ സേനകളുടെയും വിഭാഗത്തിൽ ഡൽഹി പൊലീസിനാണ് സമ്മാനം.

കേന്ദ്ര മന്ത്രാലയങ്ങളുടെയും വകുപ്പുകളുടെയും വിഭാഗത്തിൽ, സാംസ്കാരിക മന്ത്രാലയത്തിന്റെ വന്ദേമാതരം - ദി സോൾ ക്രൈ ഓഫ് എ നേഷൻ പുരസ്കാരം നേടി. കേന്ദ്ര പൊതുമരാമത്ത് വകുപ്പിന് വന്ദേമാതരം - 150 വർഷത്തെ സ്മരണയ്ക്കും, വന്ദേമാതരം: ദി എറ്റേണൽ റെസൊണൻസ് ഓഫ് ഇന്ത്യ സംഘ നൃത്തത്തിനും പ്രത്യേക സമ്മാനങ്ങൾ ലഭിച്ചു.

MyGov പോർട്ടൽ വഴി നടത്തിയ വോട്ടെടുപ്പിനെ അടിസ്ഥാനമാക്കി പോപ്പുലർ ചോയ്സ് സമ്മാനങ്ങളും പ്രഖ്യാപിച്ചു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി ആവിഷ്കരിച്ച 'പ്രഗതി' ഫ്ലാഗ്ഷിപ് പദ്ധതിയിൽ 50 അവലോകന യോഗങ്ങൾ വിജയകരമായി പൂർത്തീകരിച്ചു. 2015 ൽ ആരംഭിച്ച പ്രഗതി, രാജ്യത്തെ ഭരണ രംഗത്ത് പുതിയ മാറ്റങ്ങൾക്കാണ് തുടക്കമിട്ടത്.

പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന പ്രകാരം നടപ്പാക്കിയ ബെംബ്ല ജലസേചന പദ്ധതിയെക്കുറിച്ചാണ് ആകാശവാണിയുടെ ഇന്നത്തെ 'പ്രഗതി' പ്രത്യേക റിപ്പോർട്ട്.

......(വോയ്സ്)..........

മഹാരാഷ്ട്രയിലെ വിദർഭയിൽ കാർഷിക മേഖലയുടെ പ്രതിരോധശേഷി ശക്തിപ്പെടുത്താൻ ലക്ഷ്യമിട്ടാരംഭിച്ച പ്രധാന സംരംഭമാണ് ബെംബ്ല ജലസേചന പദ്ധതി. 2007 ഏപ്രിൽ 2-ന് 2,685 കോടി രൂപയിലധികം ചെലവിൽ അനുവദിച്ച ഈ പദ്ധതി ബെംബ്ല നദി കേന്ദ്രീകരിച്ച് യവത്മാൽ ജില്ലയിലാണ്.

പ്രാദേശിക ജലസുരക്ഷയ്ക്കും കർഷകരുടെ ഉപജീവനമാർഗ്ഗത്തിനും പദ്ധതിയുടെ പ്രാധാന്യം തിരിച്ചറിഞ്ഞ് പ്രഗതി സംവിധാനത്തിന് കീഴിൽ വിഷയം ഏറ്റെടുത്തു. 2023 ഒക്ടോബർ 25-ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പദ്ധതി അവലോകനം ചെയ്തു. ഭൂമി ഏറ്റെടുക്കൽ ത്വരിതപ്പെടുത്തുക, കരാറുകാരുമായി ബന്ധപ്പെട്ട തടസ്സങ്ങൾ പരിഹരിക്കുക എന്നിവയിൽ പ്രത്യേക ഊന്നൽ നൽകി. ഇതോടെ ത്വരിതപ്പെടുത്തിയ പദ്ധതി പൂർത്തീകരണ ഘട്ടത്തിലേക്ക് മാറുകയും 2025 ജൂൺ 30ന് യാഥാർത്ഥ്യമാവുകയും ചെയ്തു.

✪✪✪

തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ 583 കിലോമീറ്റർ, പുതിയ അതിവേഗ റെയിൽപാതയ്ക്ക് സംസ്ഥാന മന്ത്രിസഭാ യോഗം അംഗീകാരം നൽകി. റീജിയണൽ റാപിഡ് ട്രാൻസിറ്റ് സിസ്റ്റം എന്നപേരിൽ നടപ്പാക്കുന്ന പദ്ധതിക്കാണ് മന്ത്രിസഭാ യോഗം തത്വത്തിൽ അംഗീകാരം നൽകിയത്. പദ്ധതിക്കായി സംസ്ഥാനത്തിന്റെ താല്പര്യം അറിയിച്ച് കേന്ദ്ര ഗവൺമെന്റിന് ഔപചാരികമായി കത്ത് അയക്കും. കേന്ദ്ര ഗവൺമെന്റുമായി നടത്തുന്ന ചർച്ചകൾക്കും അനുമതിക്കും ശേഷമായിരിക്കും ധാരണാപത്രത്തിൽ ഒപ്പിടുക.

✪✪✪

ചൂരൽമല പുഞ്ചരിമട്ടം ഉരുൾ ദുരന്ത ബാധിതരുടെ ബാങ്ക് കടം സംസ്ഥാന ഗവൺമെന്റ് ഏറ്റെടുക്കാൻ ഇന്നലെ ചേർന്ന മന്ത്രിസഭായോഗത്തിൽ തീരുമാനിച്ചു.

ഇവരുടെ മുഴുവൻ കടബാധ്യതയും ഗവൺമെന്റ് ഏറ്റെടുക്കാനും ആവശ്യമായ തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നു നൽകാനും തീരുമാനമായി. ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 555 കുടുംബങ്ങളുടെ 1,620 വായ്പകളിലെ ഒരു കോടി 87 ലക്ഷത്തി 56,937 രൂപയുടെ ബാധ്യതയാണ് ഗവൺമെന്റ് ഏറ്റെടുക്കുന്നത്. കേരള ബാങ്ക് എഴുതിത്തള്ളിയ വായ്പകൾക്കു പുറമേയാണിത്.

✪✪✪

സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് 2025-26 സാമ്പത്തിക വർഷത്തിൽ 275 കോടിയിൽ പരം രൂപയുടെ വികസന പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയതായി മന്ത്രി V. ശിവൻകുട്ടി അറിയിച്ചു. സംസ്ഥാനത്തെ സ്കൂളുകളുടെ നവീകരണത്തിനും അനുബന്ധ സൗകര്യങ്ങൾക്കുമാണ് ഈ തുക വിനിയോഗിക്കുക.

✪✪✪

ലോക കേരളസഭയുടെ അഞ്ചാം സമ്മേളനം ഇന്ന് തിരുവനന്തപുരത്ത് ആരംഭിക്കും. ഞായറാഴ്ച വരെയാണ് സമ്മേളനം. വൈകിട്ട് നിശാഗന്ധി ഓഡിറ്റോറിയത്തിൽ പൊതുയോഗവും തുടർന്ന് ഭാരത് ഭവന്റെ നേതൃത്വത്തിൽ കലാ പരിപാടിയും നടത്തും. നാളെയും മറ്റന്നാളും നിയമസഭയിലെ ശങ്കരനാരായണൻ തമ്പി ഹാളിലാണ് ലോക കേരളസഭാ നടപടികൾ.

സ്റ്റുഡന്റ് മൈഗ്രേഷൻ പോർട്ടൽ, ലോക കേരളം ഓൺലൈൻ സേവനങ്ങൾ, പ്രവാസി മിഷൻ, എയർപോർട്ട് ഹെല്പ് ഡസ്ക്കുകൾ തുടങ്ങിയവ മുഖ്യമന്ത്രി പിണറായി വിജയൻ സഭയിൽ ഉദ്ഘാടനം ചെയ്യും. കൂടാതെ നോർക്കയുടെ 'ഷെർപ്പ' നിക്ഷേപ പ്രോത്സാഹന പോർട്ടലും മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും.

✪✪✪

സംസ്ഥാന ഗവണ്മെന്റിന്റെ 2024 ലെ സംസ്ഥാന മാധ്യമ പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. പ്രിന്റ് മീഡിയ ജനറൽ റിപ്പോർട്ടിംഗിൽ മാതൃഭൂമി സീനിയർ കറസ്പോണ്ടന്റ് നീനു മോഹനും വികസനോൻമുഖ റിപ്പോർട്ടിംഗിൽ ദേശാഭിമാനി ചീഫ് റിപ്പോർട്ടർ O V സുരേഷിനും പുരസ്കാരം ലഭിച്ചു. ഫോട്ടോഗ്രഫി വിഭാഗത്തിൽ മലയാള മനോരമയിലെ സീനിയർ ഫോട്ടോഗ്രാഫർ അരവിന്ദ് വേണുഗോപാലിനും കാർട്ടൂൺ വിഭാഗത്തിൽ മാധ്യമത്തിലെ സ്റ്റാഫ് കാർട്ടൂണിസ്റ്റ് വി ആർ രാഗേഷിനുമാണ് അവാർഡ്.

✪✪✪

വാർത്താ റിപ്പോർട്ടിങ്ങിൽ വിശ്വാസ്യത അതിപ്രധാനമാണെന്ന് PIB സൗത്ത് സോൺ ഡയരക്ടർ ജനറൽ വി പളനിച്ചാമി പറഞ്ഞു. ചെന്നൈ പുതുച്ചേരിയിലെ കാരയ്ക്കലിൽ മാധ്യമപ്രവർത്തകർക്കായി പ്രസ് ഇൻഫർമേഷൻ ബ്യൂറോ സംഘടിപ്പിച്ച ഓറിയന്റേഷൻ ശില്പശാലയിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. ന്യൂസ് റൂമുകളിലെ AI ഉപയോഗം, സാമൂഹ്യ സുരക്ഷ പദ്ധതികൾ തുടങ്ങിയവയെക്കുറിച്ച് സെഷനുകൾ ശില്പശാലയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

✪✪✪

കേന്ദ്രഗവൺമെന്റ് പാസാക്കിയ പെൻഷൻ വാലിഡേഷൻ റൂൾസ് പിൻവലിക്കുക, എട്ടാം ശമ്പള കമ്മീഷൻ ടേംസ് ഓഫ് റഫറൻസിൽ പെൻഷൻകാർക്ക് അനുകൂലമായ മാറ്റങ്ങൾ വരുത്തുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് എറണാകുളം ജില്ലയിലെ കേന്ദ്ര, പൊതുമേഖലാ, ബാങ്കിംഗ് പെൻഷൻ സംഘടനകളുടെ കൺവെൻഷൻ നാളെ ചേരും.

ടി.കെ. രാമകൃഷ്ണൻ സ്മാരക കൾച്ചറൽ സെന്ററിൽ രാവിലെ 10നാണ് കൺവെൻഷൻ.

✪✪✪

അസമിൽ സന്തോഷ് ട്രോഫി ഫുട്ബോൾ ടൂർണമെന്റിൽ കേരളം ഇന്ന് മേഘാലയയെ നേരിടും. ഉച്ചയ്ക്ക് രണ്ടിനാണ് മത്സരം. ഗ്രൂപ്പ് ബി യിൽ നിന്ന് ഒന്നാമതായി ക്വാർട്ടറിൽ കടക്കാൻ കേരളത്തിന് ഇന്ന് ജയം അനിവാര്യമാണ്. മൂന്ന് മത്സരങ്ങളിൽ രണ്ട് ജയവും ഒരു സമനിലയുമായി 7 പോയന്റുമായി കേരളം ഗ്രൂപ്പിൽ ഒന്നാമതാണ്.

✪✪✪

വിശാഖപട്ടണത്ത് ട്വന്റി 20 പുരുഷ ക്രിക്കറ്റിൽ ഇന്ത്യയെ ന്യൂസിലാന്റ് 50 റൺസിന് തോൽപ്പിച്ചു. ആദ്യം ബാറ്റ് ചെയ്ത ന്യൂസിലാന്റ് ഏഴ് വിക്കറ്റ് നഷ്ടത്തിൽ 215 റൺസ് നേടി. മറുപടി ബാറ്റിംഗിന് ഇറങ്ങിയ ഇന്ത്യക്ക് 18.4 ഓവറിൽ 165 റൺസെടുക്കാനെ കഴിഞ്ഞുള്ളൂ. അഞ്ച് മത്സര പരമ്പരയിൽ ഇന്ത്യ 3-1ന് മുന്നിട്ട് നിൽക്കുകയാണ്. അഞ്ചാമത്തെയും അവസാനത്തെയും മത്സരം ഞായറാഴ്ച തിരുവനന്തപുരം ഗ്രീൻഫീൽ സ്റ്റേഡിയത്തിലാണ്.

✪✪✪

തദ്ദേശ ഭരണ വകുപ്പ് ജീവനക്കാരുടെ സംസ്ഥാനതല ക്രിക്കറ്റ് ടൂർണമെന്റിൽ തൃശൂർ ജേതാക്കളായി. എറണാകുളം ആലുവ സെറ്റിൽമെന്റ് ഹൈസ്കൂൾ ഗ്രൗണ്ടിൽ, ഫൈനലിൽ ആലപ്പുഴയെ 11 റൺസിനാണ് തൃശൂർ തോൽപ്പിച്ചത്.

✪✪✪

വടകര-മാഹി കനാലിന്റെ ഭാഗമായ വേങ്ങോളിപ്പാലം മുതൽ കല്ലിൽതാഴെ വരെ വലതുകര ഭാഗത്ത് റോഡ് നിർമിക്കാൻ 49 ലക്ഷത്തി 90,000 രൂപയുടെ അനുമതി ലഭിച്ചതായി KP കുഞ്ഞമ്മദ്കുട്ടി MLA അറിയിച്ചു. പ്രദേശവാസികളുടെ ആവശ്യം MLA, മുഖ്യമന്ത്രിയെ രേഖാമൂലം അറിയിച്ചതിനെ തുടർന്നാണ് ഫണ്ട് അനുവദിച്ചത്.

✪✪✪

ഡിസബിലിറ്റി സൗഹൃദമായ നവകേരളം ലക്ഷ്യമിട്ട് കോഴിക്കോട് ബീച്ചിൽ സംഘടിപ്പിക്കുന്ന 'കേരള ഡിസബിലിറ്റി ഫെസ്റ്റിവൽ' ഇന്നു മുതൽ ഫെബ്രുവരി 01 വരെ നടത്തും.

തണലും കേരളത്തിലെ മുപ്പതിലധികം ഡിസബിലിറ്റി സംഘടനകളും സ്ഥാപനങ്ങളും സംയുക്തമായാണ് പരിപാടി സംഘടിപ്പിക്കുന്നത്.

✪✪✪

*News Editor & News Reader: വി കെ സുരേഷ്*
*NRTs: അബ്ദുൾ കബീർ, നിമിഷ ജി*
*DEO : സി കെ സുബോധ്*